"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - സാമൂഹ്യ സുരക്ഷാ പെൻഷൻ - 2021 മെയ് മുതൽ 2021 ഒക്ടോബർ വരെയുള്ള മാസങ്ങളിലെ പെൻഷൻ വിതരണം - പ്രാഥമിക കാർഷിക / മറ്റ് വായ്പാ സംഘങ്ങൾക്ക് നൽകാനുള്ള ഇൻസെന്റീവ് തുക അനുവദിച്ച് ഉത്തരവാകുന്നു.

**ധനകാര്യ (എസ് എഫ് സി - ബി) വകുപ്പ്**

**സ.ഉ.(സാധാ)നം.254/2022/ധന. തീയതി, തിരുവനന്തപുരം, 12.01.2022**

പരാമർശം :-
1) സ ഉ (എം എസ്) നം.324/2016/ധന തീയതി:15/08/2016
2) സ ഉ (സാധാ) നം.6950/2016/ധന തീയതി:23/08/2016
3) സ ഉ (സാധാ) നം.7353/2016/ധന തീയതി:06/09/2016
4) സ ഉ (സാധാ) നം.6809/2020/ധന തീയതി:23/11/2020
5) സ ഉ (സാധാ) നം.3862/2021/ധന തീയതി:03/05/2021
6) സ ഉ (സാധാ) നം.4139/2021/ധന തീയതി:24/05/2021
7) സ ഉ (സാധാ) നം.4697/2021/ധന തീയതി:28/06/2021
8) സ ഉ (സാധാ) നം.5265/2021/ധന തീയതി:03/08/2021
9) സ ഉ (സാധാ) നം.6301/2021/ധന തീയതി:25/09/2021
10) സ ഉ (സാധാ) നം.6972/2021/ധന തീയതി:28/10/2021
11) പഞ്ചായത്ത് ഡയറക്ടറുടെ 29/12/2021-ലെ പി എ എൻ/5585/2021-ഡി.ബി.ടി(ഡി.പി) നമ്പർ കത്ത്.

**ഉത്തരവ്**

സാമൂഹ്യ സുരക്ഷാ പെൻഷൻ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, മറ്റ് വായ്പാ സംഘങ്ങൾ എന്നിവ മുഖാന്തിരം ഗുണഭോക്താവിന്റെ വീട്ടിൽ എത്തിക്കുന്ന പദ്ധതിയ്ക്ക് പരാമർശം (1) പ്രകാരം സർക്കാർ അംഗീകാരം നൽകുകയുണ്ടായി. ഒരു ഗുണഭോക്താവിന് പെൻഷൻ വിതരണം ചെയ്യുന്നതിന് 50/- രൂപ നിരക്കിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, മറ്റ് വായ്പാ സംഘങ്ങൾ എന്നിവർക്ക് ലഭിക്കുന്നതാണെന്ന് പരാമർശം (2)ഉം (3)ഉം പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പരാമർശം (4) പ്രകാരം 2020 ഒക്ടോബർ മുതൽ 2021 ഏപ്രിൽ വരെയുമുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ വീടുകളിൽ വിതരണം ചെയ്തതിന്റെ ഇൻസെന്റീവ് അനുവദിച്ചിട്ടുള്ളതാണ്. 2021 മെയ്, ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ സൂചന (6), (7), (8), (9), (10) ഉത്തരവുകൾ പ്രകാരം അനുവദിക്കുകയും ആയത് പ്രാഥമിക കാർഷിക വായ്പാ

സംഘങ്ങൾ, മറ്റ് വായ്പാ സംഘങ്ങൾ മുഖാന്തിരം വിതരണം ചെയ്തിട്ടുള്ളതുമാണ്.

2. 2021 മെയ് മാസം മുതൽ 2021 ഒക്ടോബർ മാസം വരെയുള്ള 6 മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ വീടുകളിൽ എത്തിച്ചതുമായി ബന്ധപ്പെട്ട് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, മറ്റ് വായ്പാ സംഘങ്ങൾ എന്നിവർക്ക് നൽകേണ്ട ഇൻസെന്റീവ് തുക 55,85,82,300/- രൂപ (അൻപത്തിയഞ്ച് കോടി എൺപത്തിയഞ്ച് ലക്ഷത്തി എൺപത്തി രണ്ടായിരത്തി മുന്നൂറ് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (11)-ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, 2021 മെയ് മാസം മുതൽ 2021 ഒക്ടോബർ മാസം വരെയുള്ള 6 മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ വീടുകളിൽ എത്തിച്ചതുമായി ബന്ധപ്പെട്ടുള്ള ഇൻസെന്റീവ് (2021 ജൂലൈ, ആഗസ്റ്റ് എന്നീ മാസങ്ങളിലെ പെൻഷൻ ഒന്നിച്ച് നൽകിയതിനാൽ 5 ഇൻസെന്റീവ്) നല്കുന്നതിനായി 55,85,82,300/- രൂപ (അൻപത്തിയഞ്ച് കോടി എൺപത്തിയഞ്ച് ലക്ഷത്തി എൺപത്തി രണ്ടായിരത്തി മുന്നൂറ് രൂപ മാത്രം) അനുവദിച്ച് കൊണ്ടും ടി തുക കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിലുള്ള 799011400005312-ാം നമ്പർ സ്പെഷ്യൽ ടി എസ് ബി അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഡയറക്ടറുടെ, സാമൂഹ്യ സുരക്ഷാ പെൻഷൻ ആവശ്യത്തിലേക്കായി വെള്ളയമ്പലം സബ് ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള സ്പെഷ്യൽ ടി എസ് ബി അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ: 799012100000001) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് കേരളം സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു. അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

4. ഇൻസെന്റീവ് തുക, പഞ്ചായത്ത് ഡയറക്ടറുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ ആവശ്യത്തിലേക്കായി വെള്ളയമ്പലം സബ് ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള സ്പെഷ്യൽ ടി എസ് ബി അക്കൗണ്ടിൽ നിന്നും (അക്കൗണ്ട് നമ്പർ: 799012100000001) പതിനാല് ജില്ലകളിലെയും സഹകരണ വകുപ്പ് ജോയിന്റ് രജിസ്ട്രാർമാരുടെ പെൻഷൻ ട്രഷറി അക്കൗണ്ടിലേക്ക് കൈമാറുന്നതിന് പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി.ബി.റ്റി. സെല്ലിനെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സഹകരണ സംഘം രജിസ്ട്രാർ
ധനകാര്യ (എസ് എസ്) വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം,
വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്
(ഫയൽ നം.1587757/എസ് എഫ് സി ബി1/133/2020/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം | ജില്ല | എസ്.എസ്.പി അക്കൗണ്ട് നമ്പർ | ട്രഷറി | തുക (രൂപ) |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 799012100000315 | അഡീഷണൽ സബ് ട്രഷറി വഞ്ചിയൂർ തിരുവനന്തപുരം | 45859500 |
| 2 | കൊല്ലം | 799012100000267 | ജില്ലാ ട്രഷറി, കൊല്ലം | 39326850 |
| 3 | പത്തനംതിട്ട | 799012100000288 | ജില്ലാ ട്രഷറി, പത്തനംതിട്ട | 14771300 |
| 4 | ആലപ്പുഴ | 799012100000676 | ജില്ലാ ട്രഷറി, ആലപ്പുഴ | 39709750 |
| 5 | കോട്ടയം | 799012100000330 | ജില്ലാ ട്രഷറി, കോട്ടയം | 22337150 |
| 6 | ഇടുക്കി | 799012100000104 | ജില്ലാ ട്രഷറി, പൈനാവ് ഇടുക്കി | 8388600 |
| 7 | എറണാകുളം | 799012100000635 | ജില്ലാ ട്രഷറി, കാക്കനാട് എറണാകുളം | 34879200 |
| 8 | തൃശ്ശൂർ | 799012100000319 | ജില്ലാ ട്രഷറി, തൃശ്ശൂർ | 61668850 |
| 9 | പാലക്കാട് | 799012100000186 | ജില്ലാ ട്രഷറി, പാലക്കാട് | 71996050 |
| 10 | മലപ്പുറം | 799012100000229 | ജില്ലാ ട്രഷറി, മലപ്പുറം | 76357650 |
| 11 | കോഴിക്കോട് | 799012100000427 | ജില്ലാ ട്രഷറി, കോഴിക്കോട് | 60402800 |
| 12 | വയനാട് | 799012100000663 | ജില്ലാ ട്രഷറി, വയനാട് | 9306700 |
| 13 | കണ്ണൂർ | 799012100000043 | ജില്ലാ ട്രഷറി, കണ്ണൂർ | 50910100 |
| 14 | കാസർഗോഡ് | 799012100000696 | ജില്ലാ ട്രഷറി, കാസർഗോഡ് | 22667800 |
| | **ആകെ** | | | **55,85,82,300** |